REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **എല്ലാ മേഖലകളിലും ത്വരിത പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ത്യയും ചൈനയും ഉഭയകക്ഷി ബന്ധത്തിൽ മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്നതായി ചൈനീസ് വിദേശകാര്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേന്ദ്രമന്ത്രി ഡോ.S ജയ്ശങ്കർ.**
- **NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും.**
- **സംസ്ഥാനത്ത് കുറഞ്ഞചിലവിൽ എല്ലാ കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി.**
- **കേരളത്തിൽ ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.**

## വാർത്തകൾ വിശദമായി

പുതുതലമുറ പരിഷ്കാര രൂപരേഖ ചർച്ച ചെയ്യുന്നതിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്നലെ ഡൽഹിയിൽ യോഗം ചേർന്നു. എല്ലാ മേഖലകളിലും ത്വരിത പരിഷ്കാരങ്ങൾ നടക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും ഇത് ജീവിതരീതിയിലും ബിസിനസിലും ഐശ്വര്യം വർധിപ്പിക്കുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ്, നിധിൻ ഗഡ്കരി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

ആക്സിയം ബഹിരാകാശ ദൗത്യത്തിന്റെ പൈലറ്റായിരുന്ന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. ന്യൂഡൽഹി ലോഗ്കല്യാൺ മാർഗിലായിരുന്നു ഇരുവരുടെയും കൂടിക്കാഴ്ച. ബഹിരാകാശത്തെ അനുഭവങ്ങൾ, ശാസ്ത്രസാങ്കേതിക മേഖലയിലെ പുരോഗതി, ഇന്ത്യയുടെ അഭിലാഷമായ ഗഗൻയാൻ ദൗത്യം എന്നിവയടക്കം നിരവധി വിഷയങ്ങൾ ശുഭാൻശുവുമായി ചർച്ച ചെയ്തതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കൂടിക്കാഴ്ചയിൽ ശുഭാൻശു പ്രധാനമന്ത്രിക്ക് ആക്സിയം - 4 മിഷൻ പാച്ച് സമ്മാനിക്കുകയും, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നെടുത്ത ഭൂമിയുടെ ചിത്രങ്ങൾ കാണിക്കുകയും ചെയ്തു.

✪✪✪

കേന്ദ്രമന്ത്രി ഡോ.S ജയ്ശങ്കർ ന്യൂഡൽഹിയിൽ ചൈനീസ് വിദേശകാര്യ മന്ത്രി വാങ്-യിയുമായി ചർച്ച നടത്തി. ഇന്ത്യയും ചൈനയും ഉഭയകക്ഷി ബന്ധത്തിൽ മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്നതായി ജയ്ശങ്കർ പറഞ്ഞു. ഇതിന് ഇരുരാജ്യങ്ങളും ആത്മാർത്ഥവും ക്രിയാത്മകവുമായ സമീപനം സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ബഹുമാനം, പരസ്പര സംവേദനക്ഷമത, താൽപ്പര്യം എന്നീ മൂന്ന് ഘടകങ്ങളാൽ ഇരുരാജ്യങ്ങളും സഹകരിച്ച് മുന്നോട്ട് പോകണമെന്ന് ജയ്ശങ്കർ നിർദ്ദേശിച്ചു.

സാമ്പത്തികം, വ്യാപാരം, തീർത്ഥാടനം, ജനങ്ങൾ തമ്മിലെ ബന്ധം, അതിർത്തി+

വ്യാപാരം, കണക്റ്റിവിറ്റി, ഉഭയകക്ഷി വിനിമയങ്ങൾ എന്നിവ ഇന്ന് ഇരുവരും ചർച്ച ചെയ്യും. ചൈനീസ് വിദേശകാര്യ മന്ത്രി, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി അതിർത്തി പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്നും ജയശങ്കർ അറിയിച്ചു. അതിർത്തിയിൽ ശാന്തിയും സമാധാനവും നിലനിർത്താനും, സംഘർഷം ലഘൂകരിക്കാനും ഇരുരാജ്യങ്ങളും ചർച്ച തുടരേണ്ടത് അത്യാവശ്യമാണെന്നും ജയശങ്കർ അഭിപ്രായപ്പെട്ടു. ലോകത്തിലെ ഏറ്റവും വലിയ രണ്ടു രാഷ്ട്രങ്ങൾ അന്താരാഷ്ട്ര സാഹചര്യങ്ങൾ ചർച്ച

ചെയ്യുന്നത് സ്വാഭാവികമാണെന്നും, ജയശങ്കർ വിലയിരുത്തി. നീതിയുക്തവും സന്തുലിതവും ബഹുധ്രുവവുമായ ഒരു ലോകമാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

✪✪✪

NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും. ഇന്നലെ ന്യൂഡൽഹിയിലെത്തിയ രാധാകൃഷ്ണൻ, NDA നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. നാമനിർദ്ദേശപത്രികാ സമർപ്പണ വേളയിൽ എല്ലാ NDA നേതാക്കളും പങ്കെടുക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു.

NDA പാർലമെന്ററി പാർട്ടി യോഗവും നാളെ ചേരുമെന്ന് മന്ത്രി പറഞ്ഞു. ഉപരാഷ്ട്രപതി സ്ഥാനത്തേക്ക് CP രാധാകൃഷ്ണനെ എല്ലാവരും പിന്തുണയ്ക്കുമെന്ന് കിരൺ റിജിജു പ്രത്യാശ പ്രകടിപ്പിച്ചു. അടുത്ത മാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ട അവസാന തിയതി 21 ഉം, സൂക്ഷ്മപരിശോധന 22 നുമാണ്. 25 വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാം.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവുമായി സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായ് കൂടിക്കാഴ്ച നടത്തി. രാഷ്ട്രപതി ഭവനിലായിരുന്നു ഇരുവരുടെയും കൂടിക്കാഴ്ച.

✪✪✪

പ്രധാനമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയുടെ രജിസ്ട്രേഷൻ സുഗമമാക്കുന്നതിന് പോർട്ടൽ പ്രവർത്തനമാരംഭിച്ചു. പദ്ധതിയിലൂടെ മൂന്നര കോടിയിലധികം തൊഴിലസവരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

✪✪✪

പാർലമെന്റ് നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ ശ്രമങ്ങൾ ശരിയല്ലെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ എതിർപ്പുണ്ടെങ്കിൽ കമ്മീഷന് കത്തെഴുതി അപ്പീൽ നൽകാമെന്ന് കിരൺ റിജിജു അറിയിച്ചു. വോട്ടർപട്ടിക ക്രമക്കേട് ആരോപണങ്ങളുമായി ബന്ധപ്പെട്ട് ചില രേഖകൾ തിരഞ്ഞെടുപ്പ് കമ്മീഷൻ കോൺഗ്രസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അത് നൽകി ഭരണഘടനാ സ്ഥാപനത്തെ ബഹുമാനിക്കുകയാണ് വേണ്ടതെന്നും റിജിജു പറഞ്ഞു.

✪✪✪

ശിശു ആരോഗ്യ സംരക്ഷണത്തിൽ ആയുർവേദത്തിന് പുതിയ മാനങ്ങൾ നൽകാൻ കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് ന്യൂഡൽഹിയിൽ പറഞ്ഞു. കാലാതീതമായി പരീക്ഷിക്കപ്പെട്ട രീതികൾ ആധുനിക ശാസ്ത്രവുമായി സംയോജിപ്പിക്കുന്നത്, കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും, വെല്ലുവിളികളെ നേരിടാനും സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിനിടെ കാണാതായ ഇന്ത്യൻ പൈലറ്റ് ശിവാംഗി സിംഗിന്റെ വീട് എയർ ചീഫ് മാർഷൽ A.P.സിംഗ് സന്ദർശിച്ചെന്ന സാമൂഹിക മാധ്യമ പ്രചാരണ വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു. PIB യുടെ വസ്തുതാന്വേഷണ യൂണിറ്റാണ് അവകാശവാദം തെറ്റാണെന്നും, വീഡിയോകൾ പാകിസ്ഥാൻ അനുകൂല പ്രചാരകരാണ് പങ്കിടുന്നതെന്നും അറിയിച്ചത്.

✪✪✪

വരും തലമുറയിൽ അച്ചടക്കബോധവും, ദേശസ്നേഹവും വളർത്തുന്നതിന് യുവാക്കൾക്ക് നിർബന്ധിത സൈനിക പരിശീലനം നൽകേണ്ടത് അത്യാവശ്യമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ വിരമിച്ച സൈനികരെ ആദരിക്കുന്ന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സായുധസേന അവരുടെ അച്ചടക്കവും ത്യാഗവും കൊണ്ട് സമൂഹത്തിന് മാതൃകയാണെന്ന് ഗവർണർ പറഞ്ഞു. ഉന്നത നിലവാരം പുലർത്തുന്ന നമ്മുടെ സേന നിരന്തര പ്രചോദനമാണെന്നും, അതിനാൽ സേനാംഗങ്ങളെ ബഹുമാനിക്കേണ്ടത് രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിന് സെർച്ച് കമ്മിറ്റി അധ്യക്ഷനായി റിട്ടയേഡ് സുപ്രീംകോടതി ജഡ്ജിയെ നിയമിച്ച സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്യുന്നതായി മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. നിക്ഷിപ്ത താല്പര്യങ്ങൾക്ക് തടയിടുന്നതാണ് വിധിയെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ ഗാന്ധിയൻ പാതയിലൂടെ കോൺഗ്രസ് പ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനത്തിന്റെ 105-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച സ്മൃതി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുൻ KPCC പ്രസിഡന്റ് K.മുരളീധരൻ മുഖ്യാതിഥിയായിരുന്നു. KPCC വർക്കിങ് പ്രസിഡന്റ് ഷാഫി പറമ്പിൽ MP പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കവി കൽപ്പറ്റ നാരായണൻ ഗാന്ധി സ്മൃതി പ്രഭാഷണം നടത്തി.

✪✪✪

സംസ്ഥാനത്ത് കുറഞ്ഞചിലവിൽ എല്ലാ കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി അറിയിച്ചു. രാത്രികാല മൃഗ ചികിത്സാസേവനത്തിന് സൗജന്യ മരുന്ന്വിതരണം, വാഹനസഹായം പദ്ധതിയുടെ ഉദ്ഘാടനം കൊല്ലം ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. പാലിന് ഏറ്റവും ഉയർന്ന വിലനൽകുന്ന സംസ്ഥാനമാണ് കേരളമെന്നും ക്ഷീരകർഷകർ ബാങ്കിൽനിന്നുഎടുക്കുന്ന വായ്പ തുകയുടെ പലിശ അഞ്ച് വർഷത്തേക്ക് ഗവണ്മെന്റ് തിരിച്ചടയ്ക്കുമെന്നും മന്ത്രി പറഞ്ഞു..

സംസ്ഥാനത്തെ എല്ലാ ബ്ലോക്ക്പഞ്ചായത്തുകളിലും രാത്രികാല സേവനങ്ങൾ ഏർപ്പെടുത്തുന്നതോടെ മൃഗാശുപത്രികൾ മുഴുവൻസമയ ചികിത്സാകേന്ദ്രങ്ങളായി മാറുമെന്നും ചിഞ്ചുറാണി അറിയിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെ ക്ഷീരകർഷകർക്ക് പശുക്കളെ വാങ്ങാൻ 95,000 രൂപയും ശസ്ത്രക്രിയ ആവശ്യങ്ങൾക്കായി രണ്ട് ലക്ഷവും, അപകടത്തിൽപ്പെട്ട പശുക്കളുടെ ചികിത്സയ്ക്ക് ഏഴ് ലക്ഷം രൂപയും നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിലും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം മുതൽ കോഴിക്കോട് വരെ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവയ്ക്ക് അവധി ബാധകമല്ല.

✪✪✪

I.T.T.F ലോക പാരാ ഇവന്റ് വനിതാ സിംഗിൾസിൽ ലോക ഒന്നാം നമ്പർ റാങ്കിലേക്ക് ഉയർന്ന് ചരിത്രം സൃഷ്ടിച്ച പാരാ ടേബിൾ ടെന്നീസ് താരം ഭവിന പട്ടേലിനെ കേന്ദ്ര മന്ത്രി ഡോ.മൻസുഖ് മാണ്ഡവ്യ അഭിനന്ദിച്ചു. ഭവിന പട്ടേൽ പ്രചോദനാത്മകമായ മനക്കരുത്ത്, സ്ഥിരോത്സാഹം, മികവ് എന്നിവയുടെ ഉദാഹരണമാണെന്നും ഇത് ആഗോളതലത്തിൽ രാജ്യത്തിന് അഭിമാനം പകരുന്നതാണെന്നും മൻസുഖ് മാണ്ഡവ്യ സാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

കസാക്കിസ്ഥാനിലെ ഷിംകെന്റിൽ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ ആദ്യദിനത്തിൽ ഹരിയാന സ്വദേശി കപിൽ ബെയിൻസ്‌ല ഇന്ത്യയുടെ ആദ്യ സ്വർണം നേടി. 10 മീറ്റർ പുരുഷ എയർപിസ്റ്റൾ ജൂനിയർ മത്സരത്തിലാണ് സ്വർണനേട്ടം.

ഉസ്ബെക്കിസ്ഥൻ താരത്തെയാണ്, കപിൽ ബെയിൻസ്‌ല പരാജയപ്പെടുത്തിയത്. ചാമ്പ്യൻഷിപ്പിന്റെ ആദ്യദിനത്തിൽ ഇന്ത്യ ഒരു സ്വർണവും രണ്ട് വെള്ളിയും നേടിയിട്ടുണ്ട്.

✪✪✪

സപ്ലൈകോ , ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ ഇന്ന് പുറത്തിറക്കും. എറണാകുളം ബോൾഗാട്ടി പാലസിൽ സംഘടിപ്പിക്കുന്ന ചടങ്ങ് മന്ത്രി G.R അനിൽ ഉദ്ഘാടനം ചെയ്യും. അരിപ്പൊടി, പായസം മിക്സ്, പഞ്ചസാര, ഉപ്പ്, പാലക്കാടൻ മട്ട എന്നിവയാണ് പുതിയ ഉത്പന്നങ്ങൾ.

✪✪✪

സപ്ലൈകോയുടെ കാസർകോട് ജില്ലാതല ഓണം മേള ഈ മാസം 26-ന് കാഞ്ഞങ്ങാട് കോട്ടച്ചേരിയിൽ മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ MP യും MLA മാരും മറ്റു ജനപ്രതിനിധികളും ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കും.

തിരുവനന്തപുരം കളക്ടറേറ്റിൽ ഓണം വിപണന മേള ആരംഭിച്ചു. കളക്ടറേറ്റ് സ്റ്റാഫ് വെൽഫെയർ ആൻഡ് റിക്രിയേഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മേള ജില്ലാ കളക്ടർ അനുകുമാരി ഉദ്ഘാടനം ചെയ്തു. മേള ഈ മാസം 23ന് സമാപിക്കും.

✪✪✪

തൃശൂർ ജില്ലയിൽ മൂന്നാംഘട്ട ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുന്ന, തൃശൂർ താലൂക്കിലെ മുളയം വില്ലേജിന്റെ ഡിജിറ്റൽ ലാൻഡ് സർവെ ജോലികളും,

ക്യാമ്പ് ഓഫീസും രാവിലെ മന്ത്രി K.രാജൻ ഉദ്ഘാടനം ചെയ്യും. നടത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യരാജേഷ് അധ്യക്ഷയാകും.

✪✪✪

പത്തനംതിട്ട റാന്നിയിൽ ജനകീയ ജലസംരക്ഷണ പദ്ധതി ജലമിത്ര രാവിലെ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഭൂവിനിയോഗ വകുപ്പും, കുടുംബശ്രീയും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

സ്വാമി ശാശ്വതീകാനന്ദ സാംസ്കാരിക കേന്ദ്രം ഏർപ്പെടുത്തിയ പ്രഥമ ശ്രീനാരായണ ഗുരു സാഹോദര്യ പുരസ്കാരത്തിന് കാന്തപുരം A.P അബൂബക്കർ മുസ്ലിയാരെ തിരഞ്ഞെടുത്തു. SNDP യോഗം മുൻ പ്രസിഡണ്ട് C.K വിദ്യാസാഗർ ചെയർമാനായ ജൂറിയാണ് പുരസ്കാര നിർണയം നടത്തിയത്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും ഉൾപ്പെടുന്നതാണ് പുരസ്കാരം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRT: അബ്ദുൽ കബീർ*
*DEO: ഷീബ*